**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2020** **11-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയ്ക്കെതിരെയുള്ള വിജിലൻസ് പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥർക്കെതിരെ 2020 ജനുവരി മുതൽ 2021 സെപ്തംബർ വരെ സംസ്ഥാന വിജിലൻസ് ഡയറക്ടർ/വിജിലൻസ് വിഭാഗത്തിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഏതെല്ലാം തരത്തിലുള്ള കുറ്റകൃത്യങ്ങളാണ് പ്രസ്തുത പരാതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്; വെളിപ്പെടുത്തുമോ; | (എ) | 31 പരാതികൾ ലഭിച്ചിട്ടുണ്ട്. അഴിമതി, അധികാര ദുർവിനിയോഗം, അനധികൃത നിയമനം, അനധികൃത സാമ്പത്തിക ഇടപാടുകൾ, വായ്പാ തിരിമറി തുടങ്ങിയ തരത്തിലുള്ള കുറ്റകൃത്യങ്ങളാണ് പ്രസ്തുത പരാതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത പരാതികളിൽ എഫ്.ഐ.ആർ. ഇട്ടിട്ടുള്ളവ, തുടർ അന്വേഷണത്തിന് അനുമതി നൽകിയിട്ടുള്ളവ, പ്രാഥമിക അന്വേഷണം നിലവിൽ നടക്കുന്നവ എന്നിവയുടെ എണ്ണം എത്ര; വിശദാംശം നൽകുമോ? | (ബി) | 24 പരാതികൾ പരിശോധന പൂർത്തിയായിട്ടുള്ളതും അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ തുടർനടപടികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പുകളിലേക്ക് അയക്കുന്നതിന് സർക്കാരിലേക്ക് കൈമാറുകയാണ് ചെയ്തത്. 7 പരാതികൾ വിവിധ യൂണിറ്റുകളിൽ പ്രാഥമിക പരിശോധന നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ